(ബി) പ്രസ്തുത ലിസ്റ്റ് എത്രകാലം പ്രാബല്യത്തിലുണ്ടായിരുന്നു;

(സി) മിക്കവാറും എല്ലാ പി.എസ്.സി. ലിസ്റ്റുകൾക്കും നാലരവർഷംവരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടും വനിതാ പോലീസ് റാങ്ക് ലിസ്റ്റ് ദീർഘിപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി എത്രതവണ ദീർഘിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) തന്മൂലം റാങ്ക് ലിസ്റ്റിന് എത്രദിവസം കൂടുതൽ ലഭിച്ചു;

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റ് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(ജി) മാനുഷിക പരിഗണനവെച്ച് ഈ ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) ആവശ്യപ്പെട്ടിരുന്നു. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജി) അന്തിമതീരുമാനം കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് സ്വീകരിക്കേണ്ടത്.

സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം ലഭിച്ചവരുടെ എണ്ണം

16 [16] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പുതുതായി എത്രപേരെ നിയമിച്ചു;

(ബി) സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ കെ.പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ ഇതിൽനിന്നും എത്രപേർക്ക് നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ 528 സബ് ഇൻസ്പെക്ടർമാരെ പുതുതായി നിയമിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് കെ.പി.എസ്.സി. ലിസ്റ്റ് ഇപ്പോൾ നിലവിലില്ല.

(സി) ബാധകമല്ല.

വനിതാ പോലീസ് തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്

17 [17] ശ്രീ. കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് തസ്തികയിലേയ്ക്ക് അവസാനം നിലവിലുണ്ടായിരുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ലിസ്റ്റ് എത്രകാലം പ്രാബല്യത്തിലുണ്ടായിരുന്നുവെന്ന് അറിയിക്കാമോ;

(സി) മിക്കവാറും എല്ലാ ലിസ്റ്റുകൾക്കും നാലരവർഷംവരെ കാലാവധി ദീർഘിപ്പിച്ച് നൽകിയെങ്കിലും വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി എത്രതവണ ദീർഘിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ വനിതാ പോലീസ് കോൺസ്റ്റബിൽ റാങ്ക് ലിസ്റ്റിന് എത്രദിവസം ഇതിന്റെ പ്രയോജനം ലഭിച്ചു;

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കണമെന്ന് സർക്കാർ പി.എസ്.സി.-യോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ജി) മാനുഷിക പരിഗണനവെച്ച് വനിതാ പോലീസ് റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പുനഃപരിശോധിക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) കാലാവധി അവസാനിച്ച ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്നാവശ്യപ്പെട്ട് 6-4-2004, 13-4-2004, 4-5-2004 എന്നീ തീയതികളിൽ പി.എസ്.സി.-ക്ക് കത്ത് നൽകിയിട്ടുണ്ട്.

(ജി) കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള സർക്കാർ തീരുമാനം പി.എസ്.സി. അംഗീകരിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly